പട്ടികവർഗ്ഗവിഭാഗങ്ങൾക്ക് ഇടയിൽ ഈ പദ്ധതി നടപ്പിലാക്കാൻ സാധിക്കുകയില്ല. അതുകൊണ്ട് ഇവർക്കുകൂടി പ്രയോജനകരമാകത്തക്ക നിലയിൽ എന്ത് പരിപാടിയാണ് ഗവൺമെന്റ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് അങ്ങ് വ്യക്തമാക്കുമോ?

ശ്രീ. ടി. എം. ജേക്കബ് : സർ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുവേണ്ടി പ്രത്യേക പ്രോഗ്രാം നമുക്ക് വേറെയുണ്ട്. അതുപോലെതന്നെ ജലനിധി പ്രോജക്ടിലും അവർക്ക് കുറച്ച് ആനുകൂല്യങ്ങളൊക്കെ കിട്ടാനുള്ള സാഹചര്യമുണ്ട്. ബെനിഫിഷറീസ് കോൺട്രിബ്യൂഷൻസ് എന്നു പറയുമ്പോൾ അവരുടെ അദ്ധ്വാനവും ഇതിന്റെ ഒരു ഭാഗമായിട്ട് കണക്കാക്കുന്നുണ്ട്. പ്രത്യേകിച്ച് എസ്.സി./എസ്.ടി. വിഭാഗത്തിൽ പെടുന്ന ആളുകൾക്ക് വേറെ സ്കീംസ് നമ്മൾ നടപ്പിലാക്കുന്നുണ്ട്.

കായംകുളം താപവൈദ്യുതി നിലയത്തിന്റെ രണ്ടാംഘട്ട പദ്ധതി

*3 [33] ശ്രീ. രാജു എബ്രഹാം :
,, ടി. കെ. ദേവകുമാർ :
ഡോ. തോമസ് ഐസക് :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2300 മെഗാവാട്ടിന്റെ കായംകുളം. താപവൈദ്യുതി നിലയത്തിന്റെ രണ്ടാം ഘട്ട പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) നിർദ്ദിഷ്ട പദ്ധതി നടപ്പിലാക്കുന്നതിന് എൻ.ടി.പി.സി. ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) പദ്ധതിക്കാവശ്യമായ ഭൗതിക സൗകര്യങ്ങൾ എല്ലാം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) എൽ. എൻ. ജി. ഉപയോഗിച്ച് സ്ഥാപിതശേഷി വർദ്ധിപ്പിക്കാനുള്ള പദ്ധതിക്കെതിരെ ഏതെങ്കിലും നിലയിൽ ഇപ്പോൾ തടസ്സങ്ങൾ ഉണ്ടായിട്ടുള്ളതായി സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ;

(ഇ) പദ്ധതി അട്ടിമറിക്കുന്നതിനായി ഏതെങ്കിലും ഏജൻസി ശ്രമിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) പദ്ധതിക്കാവശ്യമായ എൽ. എൻ. ജി. ലഭിക്കുന്നതിന് ടെർമിനൽ സ്ഥാപിക്കാനുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) : സർ,

(എ ആന്റ് ബി) കായംകുളം താപവൈദ്യുതി നിലയത്തിന്റെ ശേഷി 350 മെഗാവാട്ടിൽ നിന്ന് 2300 മെഗാവാട്ടായി ഉയർത്താനാണ് എൻ.ടി.പി.സി. ആസൂത്രണം ചെയ്യുന്നത്. ഇതിന്റെ ഭാഗമായി എൽ.എൻ.ജി.ക്കുവേണ്ടി ആഗോള ടെൻഡർ ക്ഷണിച്ചിട്ടുണ്ട്. ഇത് സംബന്ധമായ ആർ.എഫ്.ക്യൂ. രേഖകൾ എൻ.ടി.പി.സി. പരിശോധനയിലാണ്. പദ്ധതിക്കാവശ്യമായ പ്രാരംഭ കിയറൻസുകൾ ലഭ്യമായി എന്നാണ് അറിയുന്നത്. പദ്ധതി നടത്തിപ്പിന് ആവശ്യമായ എയർപോർട്ട് അതോറിട്ടിയുടെ ഏവിയേഷൻ ക്ലിയറൻസും സംസ്ഥാന മലിനീകരണ ബോർഡിന്റെ ക്ലിയറൻസും കിട്ടിക്കഴിഞ്ഞു. അടിസ്ഥാന സൗകര്യങ്ങളും അംഗീകാരങ്ങളും മറ്റും ലഭ്യമാക്കുന്നതിന് കെ.എസ്.ഐ.ഡി.സി. യുമായി ഒരു ധാരണ 14-1-2004-ന് എൻ.ടി.പി.സി. ഒപ്പ് വച്ചിട്ടുണ്ട്.

(സി) 1166 ഏക്കർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. ഈ പദ്ധതിക്ക് ആവശ്യമായ ജലം അച്ചൻകോവിൽ ആറിൽനിന്നോ പമ്പാ ആറിൽനിന്നോ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഇല്ല.

(ഇ) ഇല്ല

(എഫ്) എൻ.ടി.പി.സി. അന്തിമമായി തെരഞ്ഞെടുക്കുന്ന ഏജൻസിയാണ് ടെർമിനൽ സ്ഥാപിക്കുന്നത്. ഇതിനോടകം തന്നെ വിശദമായ സാധ്യതാപഠനം, ഭൂമി സർവ്വേ, മണ്ണ്, സമുദ്രം എന്നിവയുമായി ബന്ധപ്പെട്ട് പര്യവേഷണങ്ങൾ, പരിസ്ഥിതി ഇംപാക്ട് സ്റ്റഡീസ് മുതലായ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു കഴിഞ്ഞു. കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ 40 ഹെക്ടർ സ്ഥലം ഈ പദ്ധതിക്കായി നീക്കിവച്ചിട്ടുണ്ട്.

ശ്രീ. രാജു എബ്രഹാം : സർ, വിലകുറച്ച് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുന്ന കായംകുളം രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് സർക്കാരിന് യാതൊരുവിധ താല്പര്യവും ഇല്ല എന്നാണ് ഇപ്പോൾ മനസ്സിലാക്കാൻ കഴിയുന്നത്. കാരണം നയപ്രഖ്യാപന പ്രസംഗത്തിൽ പല പദ്ധതികളുടെ പേരുകൾ പരാമർശിച്ചെങ്കിൽ പോലും ഈ പദ്ധതിയെപ്പറ്റി ഒരു പരാമർശംപോലും നടത്തിയിട്ടില്ല. എന്നുമാത്രമല്ല ഇതിനോടൊപ്പം ഭാരതത്തിൽ കമ്മീഷൻ ചെയ്യേണ്ട മറ്റ് രണ്ട് പദ്ധതികളും ഇപ്പോൾ ടെൻഡർ നടപടി കഴിഞ്ഞ് പ്രധാന ഘട്ടത്തിലാണ്. എന്തുകൊണ്ടാണ് ഈ വിലകുറഞ്ഞ എൽ.എൻ.ജി. ഉപയോഗിക്കുന്ന വൈദ്യുതി ഉല്പാദിപ്പിക്കാൻ കേരള സർക്കാർ വൈമുഖ്യം കാണിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കടവൂർ ശിവദാസൻ : സർ, തെറ്റിദ്ധാരണയുടെ അടിസ്ഥാനത്തിലാണ് മെമ്പർ ഇങ്ങനെ പറയുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഞാനും പലതവണ കേന്ദ്രഗവൺമെന്റിൽ പോയി സമ്മർദ്ദം ചെലുത്തുകയും അവ ഇവിടെ കൊണ്ടുവരികയും 14-1-2004-ൽ കരാർ ഉണ്ടാക്കുകയും ചെയ്ത പദ്ധതിയാണ് ഇത്. എൻ.ടി.പി.സി. യാണ് ഇതിന്റെ കരാറും കാര്യങ്ങളും ചെയ്യേണ്ടുന്നത്. അതിന് എടുത്ത നടപടികൾ വളരെ വിശദമായി പറഞ്ഞു. വളരെവേഗം ഇത് ഇവിടെ വരുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ജലവിനിയോഗത്തിന്റെ മുൻഗണനാക്രമം

*4 [34] ശ്രീ. അടൂർ പ്രകാശ് :
,, എ. സുജനപാൽ :
,, വി. ഡി. സതീശൻ :
,, എ. കെ. മണി :
,, കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലത്തിന്റെ വിനിയോഗം സംബന്ധിച്ച് ദേശീയാടിസ്ഥാനത്തിൽ ഒരു മുൻഗണനാക്രമം കേന്ദ്ര ഗവൺമെന്റ് നിർണ്ണയിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അത് സംബന്ധിച്ച വിവരം നൽകുമോ;

(സി) പ്രസ്തുത വിഷയം സംബന്ധിച്ച ഒരു മുൻഗണനാക്രമം സംസ്ഥാന ഗവൺമെന്റ് നിർണ്ണയിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ സംസ്ഥാനത്തിന്റെ ജലലഭ്യത സംബന്ധിച്ച് ആവശ്യമായ സ്ഥിതിവിവര കണക്കുകൾ ശേഖരിച്ചിട്ടുണ്ടോയെന്നും അത് ആവശ്യമാണെന്ന് കരുതുന്നുണ്ടോയെന്നും വെളിപ്പെടുത്തുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly